കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - മുളക്കുഴ ഗ്രാമപഞ്ചായത്ത് ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 1985-86 ഖണ്ഡിക 17 - സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.2860/12/തസ്വഭവ. തിരുവനന്തപുരം, തീയതി: 12.10.2012

പരാമർശം: 1. മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 15.10.11-ലെ യോഗത്തിന്റെ 41-ാം നമ്പർ തീരുമാനം.

2. ആലപ്പുഴ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 23.1.12-ലെ V (2) -ാം നമ്പർ തീരുമാനം.

3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴയുടെ 22.2.12-ലെ E6.15078/11 നമ്പർ കത്ത്.

4. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ 13.8.12-ലെ LF 6161/PT1/12 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 1985-86 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 17 അരീക്കര ഉടയാമുറ്റം -കാപ്പിൽപ്പടി റോഡ് പ്രവൃത്തിക്ക് സാധൂകരണം നൽകണമെന്ന് പരാമർശം(1) ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെയും പരാമർശം (2) ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ പരാമർശം (3)-ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

2. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം (4)-ലെ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ 1985-86 സാമ്പത്തിക വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 17 പ്രകാരം തടസ്സപ്പെടുത്തിയ അരീക്കര ഉടയാമുറ്റം - കാപ്പിൽപ്പടി റോഡ് പ്രവൃത്തിക്കായി എസ്റ്റിമേറ്റ് അധികരിച്ച് 1168.20 രൂപ (ആയിരത്തി ഒരുനൂറ്റി അറുപത്തിയെട്ട് രൂപ ഇരുപത് പൈസ) ചെലവാക്കിയ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, മുളക്കുഴ ഗ്രാമപഞ്ചായത്ത്, മുളക്കുഴ പി.ഒ, ചെങ്ങന്നൂർ - 689 505.
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.